# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി. 5/777/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 20/12/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി. 5/777/21 തീയ്യതി: 20/12/2021

## കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച് . ഓഡിറ്റ് ഓഫീസർ
ശ്രീ.യാദവ കുമാരാ സി.എച്ച്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ബാബു , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി . സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അബ്ദുൾ അസീസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| കെ.രാമകൃഷ്ണൻ | സെക്രട്ടറി | 01-04-2019 | 31-05-2019 |
| അനീഷ് കുമാർ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 21-07-2019 |
| അഷ്റഫ് എൻ ബി | സെക്രട്ടറി | 22-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിബുലാൽ ടി.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-07-2019 |
| മഞ്ജുള | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| പി.പി.ഹുസൈൻ | കൃഷി ഓഫീസർ | 01-04-2019 | 30-11-2019 |
| രാമചന്ദ്രൻ വി.വി | കൃഷി ഓഫീസർ | 01-12-2019 | 31-03-2020 |
| ഡോ.ബാലചന്ദ്ര റാവു .ബി.വി | വെറ്റിനറി സർജ്ജൻ | 05-09-2019 | 31-03-2020 |
| രതീഷ് കുമാർ കെ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ കുഞ്ചത്തൂർ സർക്കിൾ | 01-04-2019 | 31-03-2020 |
| ഡോ.സ്മിത പ്രഭാകരൻ പിള്ള | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| വേണുഗോപാലൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-08-2019 | 31-01-2020 |
| ശൈലേഷ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-02-2020 | 31-03-2020 |
| ഡോ.വസന്ത് കുമാർ | വെറ്റിനറി സർജ്ജൻ | 01-04-2019 | 04-09-2019 |
| രജിഷ കൃഷ്ണൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ മഞ്ചേശ്വരം സർക്കിൾ | 01-04-2019 | 31-03-2020 |
| ഡോ.ഷീബ.യു.ആർ. | മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി | 01-04-2019 | 31-03-2020 |
| ഭാസ്കര ഷെട്ടിഗാർ | പ്രധാനധ്യാപകൻ | 01-04-2019 | 31-03-2020 |
| അജയൻ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഷീന എ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ജിജോമോൻ.വി.സി, | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 26-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 05-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-11-2021) | 1-2 |
| 3 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 05-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-11-2021) | 1-2-1 |
| 4 | അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല<br>Written By: Jayananda. H (Audit Officer, On 05-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-11-2021) | 1-2-2 |
| 5 | വാർഷിക ധനകാര്യ പത്രികയുടെ മറ്റ് അപാകതകൾ<br>Written By: Jayananda. H (Audit Officer, On 05-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-11-2021) | 1-2-3 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 25-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-11-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 26-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-11-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 26-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-11-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yadavakumara. C.H (Asst. Audit Officer, On 26-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-11-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Janardanan C (Senior Grade Auditor, On 26-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-11-2021) | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Senior Grade Auditor, On 26-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-11-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 05-11-2021)<br>Last Updated By: Jayananda. H (Audit Officer, On 15-12-2021) | 1-9 |
| 13 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 26-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-11-2021) | 1-10 |
| 14 | രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 30-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-11 |
| 15 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല<br>Written By: Janardanan C (Senior Grade Auditor, On 30-10-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 30-10-2021) | 1-12 |
| 16 | സേവനങ്ങൾ നൽകുന്നതിന് നിയമ പ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.<br>Written By: Janardanan C (Senior Grade Auditor, On 30-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-13 |
| 17 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് | 1-14 |

| | | |
|---|---|---|
| | സേവനങ്ങൾക്കും ലൈസൻസ് - ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ല.<br>Written By: Janardanan C (Senior Grade Auditor, On 30-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 02-12-2021) | |
| 18 | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 30-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-15 |
| 19 | തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 30-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-16 |
| 20 | വസ്തു നികുതി വൻ കുടിശ്ശിക<br>Written By: Janardanan C (Senior Grade Auditor, On 02-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-17 |
| 21 | പദ്ധതി നടത്തിപ്പിലെ രേഖകളുടെ സൂക്ഷിപ്പിലെ അപാകത<br>Written By: Babu M (Senior Grade Auditor, On 28-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-18 |
| 22 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ, ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: Babu M (Senior Grade Auditor, On 31-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-19 |
| 23 | ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Babu M (Senior Grade Auditor, On 31-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 03-12-2021) | 1-20 |
| 24 | അഡ്വാൻസ് തുക വാങ്ങിയിട്ടും വീടുകളുടെ മേൽക്കൂര മാറ്റൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 31-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 03-12-2021) | 1-21 |
| 25 | മഹാത്മാ ഗാന്ധി പ്രതിമ നിർമ്മാണം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 01-11-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 02-12-2021) | 1-22 |
| 26 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 01-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-23 |
| 27 | വെള്ളക്കരം- ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 01-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-24 |
| 28 | ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Janardanan C (Senior Grade Auditor, On 01-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 1-25 |
| 29 | വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 28-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 23-11-2021) | 1-26 |
| 30 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 03-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-12-2021) | 1-27 |

ഭാഗം **2**

--- No Records Found ---

| ഭാഗം 3 | | |
|---|---|---|
| --- No Records Found --- | | |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 25-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 25-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 26-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 25-10-2021)<br>Last Updated By: Jayananda. H (Audit Officer, On 25-10-2021) | 4-4 |
| 5 | വായ്പ്പാ/വായ്പ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 25-10-2021)<br>Last Updated By: Jayananda. H (Audit Officer, On 09-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 25-10-2021)<br>Last Updated By: Jayananda. H (Audit Officer, On 25-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 26-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 22-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 03-12-2021) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 25-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 25-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 06-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Gopalakrishna Nayik (Audit Officer, On 22-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-11-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | 31.03.2020ലെ ബാലൻസ് ഷീറ്റ് |

# ഭാഗം -1

## 1-1 ബജറ്റ്

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 23/18 തീയതി 25-02-2019 | 30/2020 തീയതി 09-03-2020 |
| മുന്നിരിപ്പ് | 22,97,288 | 3,91,83,203 |
| വരവ് | 15,02,57,489 | 20,74,67,544 |
| ആകെ | 15,25,54,777 | 24,66,50,747 |
| ചെലവ് | 13,62,40,957 | 23,89,75,318 |
| നീക്കിയിരിപ്പ് | 1,63,13,820 | 76,75,429 |

## 1-2 വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

### 1-2-2 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

എ) ഡെപ്പോസിറ്റ് രജിസ്റ്റർ

1) ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇ.എം.ഡി. തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേയ്മെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

2) ഡെപ്പോസിറ്റ് രജിസ്റ്ററിൽ റീറ്റെൻഷൻ തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേയ്മെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്ററിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേമെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

ബി) അഡ്വാൻസ് രജിസ്റ്റർ

അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് തുകകളുടെ പേയ്മെന്റ് വൗച്ചർ നമ്പർ എഴുതുന്നില്ല. അതു

പോലെത്തന്നെ അഡ്വാൻസ് തിരിച്ചടവുകൾ രേഖപ്പെടുത്തുമ്പോൾ രശീതി വൗച്ചറുകളുടെ നമ്പരുകളും രേഖപ്പെടുത്തുന്നില്ല.

1-2-3 വാർഷിക ധനകാര്യ പത്രികയുടെ മറ്റ് അപാകതകൾ

1) ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് എഴുതി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭിക്കാത്തതിനാൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം പരിശോധിച്ചുറപ്പിക്കാൻ സാധിച്ചിട്ടില്ല.

4) KURDFC ലോൺ ഇനത്തിൽ തൻ വർഷത്തെ വരവ് (RP – 32) 20,11,018/- രൂപയാണ് എന്നാൽ General Ledger Trial Balance ഇനത്തിൽ തൻ വർഷത്തെ വരവ് 32,11,018/- രൂപയാണ്.

6) KURDFC & Co-operetive Bank ലോൺ ഇനത്തിൽ തൻ വർഷത്തെ നീക്കിയിരിപ്പ് യഥാക്രമം (B-5) 87,20,000/-, 5378973/- രൂപയാണ് എന്നാൽ General Ledger Trial Balance ഇനത്തിൽ തൻ വർഷത്തെ നീക്കിയിരിപ്പ് -1,07,20,000/- ,74,28,957/- രൂപയാണ്.

7) RP 31 – ലുള്ള വരവ് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കി ബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, പലവക ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

8) വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms, Sale Of Scrap എന്നീ ഇനങ്ങളിൽ യഥാക്രമം 2,90,955/- രൂപ, 26,573/- രൂപ എന്നിങ്ങനെ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്ന തിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

9) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം Advance To Others എന്ന ശീർഷകത്തിൽ 2,87,619/- രൂപ ഉണ്ട്. പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 4,12,95,940.05 |
| വരവ് | 8,22,27,459.00 |
| ആകെ | 12,35,23,399.05 |
| ചെലവ് | 7,31,20,770.00 |
| നീക്കിയിരിപ്പ് | 5,04,02,629.05 |

## 1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത / ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 2,39,02,819 | 2,39,02,819 | 2,07,18,011 | 31,84,808 | സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുക യായ 6,91,178 രൂപ ഉൾപ്പെടെയു ള്ള വരവു ചെലവു കളാണ് പട്ടിക യിൽ ചേർത്തിട്ടു ള്ളത്. ഇത് കൂടാ തെ 9 ബില്ലുകളി ലായി 28,70,800 രൂപയുടെ ബില്ലു കൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട് എസ്.സി.പി. | 0 | 45,46,176 | 45,46,176 | 30,76,852 | 14,69,324 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 58,824 രൂപ ഉൾപ്പെടെയുള്ള വരവു ചെല വുകളാണ് പട്ടി കയിൽ ചേർ ത്തിട്ടുള്ളത്. ഇത് കൂടാതെ 7 ബില്ലുകളിലായി 15,53,833 രൂപയുടെ ബില്ലു കൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 8,76,000 | 8,76,000 | 2,41,480 | 6,34,520 | പട്ടികയിലെ ചെലവു തുക കൂടാതെ 1 ബിൽ 69,729 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1,10,67,000 | 1,10,67,000 | 57,40,967 | 53,26,033 | പട്ടികയിലെ ചെലവു തുക കൂടാതെ 6 ബില്ലു കളിലാ യി 12,13,945 രൂപ യുടെ ബില്ലുകൾ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ക്യൂ ആയിട്ടുണ്ട്. |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 73,09,000 | 73,09,000 | 29,74,531 | 43,34,469 | പട്ടികയിലെ ചെലവു തുക കൂടാതെ 3 ബില്ലുകളിലായി 8,46,929 രൂപയുടെ ബില്ല കൾ ക്യൂ ആയിട്ടുണ്ട്. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 1,60,48,956 | 1,60,48,956 | 65,54,600 | 94,94,356 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 8,39,100 | 8,39,100 | 39,100 | 8,00,000 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ- | | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 88,094 | 40,64,657 | 41,52,751 | 41,33,605 | 19,146 | |
| ഐ.സി.ഡി.എസ്. | 34,30,005 | 12,00,496 | 46,30,501 | 8,74,759 | 37,55,742 | |
| എസ്.എസ്.എ. | 57,957 | 0 | 57,957 | 0 | 57,957 | |
| NPRPD | 2,60,000 | 0 | 2,60,000 | 60,000 | 2,00,000 | |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ- | | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 24,75,550 | 48,000 | 25,23,550 | 11,37,209 | 13,86,341 | |
| വിമുക്തി ഫണ്ട് | 25,000 | 0 | 25,000 | 0 | 25.000 | |
| നൂറ് തൊഴിൽ ദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 1,05,000 | 1,05,000 | 1,05,000 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 1,72,19,759 | 1,72,19,759 | 58,02,153 | 1,14,17,606 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 267 | 14,73,91,973 | 166 | 5,26,20,840 | 0 | 101 | 62.17 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 34 | 1,02,46,425 | 26 | 64,00,354 | 62.46 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 176 | 5,97,38,441 | 98 | 2,14,43,164 | 35.90 |
| 3 | കൃഷി ഓഫീസർ | 8 | 70,02,800 | 5 | 37,54,516 | 53.61 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 5,36,53,392 | 11 | 94,79,343 | 17.66 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 87,59,571 | 6 | 63,81,818 | 72.85 |

| | | | | | | |
|---|---|---|---|---|---|---|
| 6 | വെറ്റനറി സർജ്ജൻ | 4 | 7,10,000 | 4 | 5,86,386 | 82.58 |
| 7 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 7,19,000 | 2 | 7,19,000 | 100 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 4 | 8,09,241 | 2 | 6,48,375 | 80.12 |
| 9 | പ്രധാനാധ്യാപകൻ | 8 | 24,94,000 | 7 | 23,23,790 | 93.17 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 9,79,103 | 3 | 2,67,510 | 27.32 |
| 11 | ഡയറി | 1 | 6,00,000 | 1 | 3,76,584 | 62.76 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 16,80,000 | 1 | 2,40,000 | 14.28 |
| | ആകെ | 267 | 14,73,91,973 | 166 | 5,26,20,840 | 35.70 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 88,094 | 7,45,582 | 8,33,676 | 8,14,530 | 19146 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33,19,075 | 33,19,075 | 33,19,075 | 0 |
| ആകെ | 88,094 | 40,64,657 | 41,52,751 | 41,33,605 | 19,146 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 607 ( തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 6,19,67,007/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 33,19,075/- രൂപയുടെ 104 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 12,309 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 105 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 27,480 | 33 |
| കർഷക തൊഴിലാളി പെൻഷൻ | 4,77,000 | 72 |
| വിധവാ പെൻഷൻ | 96,04,200 | 706 |
| വാർദ്ധക്യകാല പെൻഷൻ | 1,03,58,100 | 1793 |
| വികലാംഗ പെൻഷൻ | 29,74,900 | 474 |

| | | |
|---|---|---|
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,35,600 | 15 |
| വിധവകളുടെ പെൺമക്കൾ ക്കുള്ള വിവാഹ ധന സഹായം | 3,00,000 | 10 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-10-2021 തീയ്യതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 25,928/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 5 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ലൈബ്രേറിയൻ | 1 |
| 9 | തൂപ്പുകാരൻ | 1 |
| 10 | തോട്ടിപ്പണിക്കാരൻ | 1 |

ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്

പേഴ്സണൽ രജിസ്റ്റർ

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് സമയബന്ധിതമായി, കൃത്യമായി പരിശോധിക്കുന്നില്ല. തപ്പാലുകൾ തീർപ്പാക്കിയ തിയതി, രേഖപ്പെടുത്തുകയോ ഡിസ്പോസൽ അടയാളപ്പെടുത്തുകയോ ചെയ്യുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ഹാജർ പട്ടിക കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 25 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 8 തവണ ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരു തവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവ് വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വീകരിക്കുന്ന പിരിവ് തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

വരവിനങ്ങളെല്ലാം ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ്. ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട് .

ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 4 തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പു പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-10-2021 മുതൽ 22-10-2021 വരെ | 02/2021മുതൽ 09/2021 വരെ | 25-10-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-02-2014 മുതൽ 26-02-2014 വരെ | 2008-2009മുതൽ 2012-2013 വരെ | 22-04-2014 |

## 1-11 രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തുന്നില്ല

രശീതികൾ ക്യാൻസൽ ചെയ്യേണ്ടി വരുന്ന സന്ദർഭത്തിൽ , എന്ത് കാരണം കൊണ്ടാണ് ക്യാൻസൽ ചെയ്യുന്നതെന്ന രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രശീതി നമ്പർ | തുക |
|---|---|---|
| 1. | 51154/20 | 1465/- |
| 2. | 51154/21 | 1465/- |
| 3. | 51154/45 | - |
| 4. | 51162/1 | - |

ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-12 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2019-2020 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 6 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് 31,524/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സേവനങ്ങൾ നൽകുന്നതിന് നിയമ പ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് (Code No 230100101) | 7,48,737 |
| വാട്ടർ ചാർജ്ജ് (Code No 230110101) | 9,33,625 |
| ആകെ | 16,82,362 |

ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ല.

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/ത.സ്വ.ഭ.വ. പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ, സാമ്പത്തിക വർഷത്തിൽ 545 അപേക്ഷകരിൽ നിന്നായി ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത് ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്കല്ല. 2017ലെ ഭേദഗതി അനുസരിച്ചുള്ള ലൈസൻസ് നല്കൽ നടപ്പിലാക്കുവാൻ 2019-20 വർഷം പഞ്ചായത്ത് തീരുമാനമെടുത്തിട്ടില്ല.

മേൽ അപാകത പരിഹരിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-15 പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ഒരു സ്ഥലവും സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ യാതൊരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല. 1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ , ചട്ടം 3, പട്ടിക 1 (ക്രമ നം 149) പ്രകാരം റേഷൻ കടകൾ FTE & OS ലൈസൻസ് എടുത്ത ശേഷം മാത്രമേ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ മഞ്ചേശ്വരം പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കടകൾ നാളിതു വരെയായി ലൈസൻസ് എടുത്തിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി ഈടാക്കുന്നില്ല

2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1) മമ്മദ് ആരിഫ്

2) ഇസ്മയിൽ തുഫൈൽ

3)എ. കെ. തൗസീഫ്

4) യശോധര

5) എം. കെ. ഇസ്മയിൽ

6) നാസിർ ഐ.

7) ഖാലിദ് എ. കെ.

8)അഹമ്മദ് ജുനൈദ്

9) വി. പി. ബഷീർ

10) പ്രകാശ് എ.

11) അബ്ദുൾ റഹിമാൻ പി. എ.

12) സന്തോഷ് കുമാർ

13) സി. സുലൈമാൻ

14) അബ്ദുൾ റഹിമാൻ

15) അബ്ദുള്ള അസ്ലം

16) ജയചന്ദ്രൻ

17) എ. ബി. അന്തുഞ്ഞി

18)മുഹമ്മദ് അനസ്

19) മുഹമ്മദ് ഹനീസ്

20) അബ്ദുൾ സമീർ

21) ഇമ്രാൻ

22) റോണ് ഡി സൂസ

23) ലോഹിത് കുമാർ

24)ഷഹീം ഉസ്മാൻ

25)ഉമാനാഥൻ ബി. കെ.

മേൽ സൂചിപ്പിച്ച ഓരോ കരാറുകാരിൽ നിന്നും അർഹമായ തൊഴിൽ നികുതി ഈടാക്കി രസീത് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന റേഷൻ കടകളിൽ നിന്നും 2019-20 രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 വസ്തു നികുതി വൻ കുടിശ്ശിക

31.03.2020 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 19,55,068/- രൂപ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 13,93,714 രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-18 പദ്ധതി നടത്തിപ്പിലെ രേഖകളുടെ സൂക്ഷിപ്പിലെ അപാകത

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | കൃഷി ഓഫീസർ | | | |
|---|---|---|---|---|---|---|
| ക്രമ നം. | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ /തിയ്യതി | ഫണ്ട് ഇനം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് |

| | | | | | | |
|---|---|---|---|---|---|---|
| 1 | 4,67,500 രൂപ | 4,59,000 രൂപ | 173 / തിയ്യതി 16.12.2019 | വികസന ഫണ്ട് ജനറൽ | 12/2019-20 | നെൽ കൃഷി വികസനം |
| 2 | | 8,500/- രൂപ | 330 / തിയ്യതി 09.03.2020 | വികസന ഫണ്ട് ജനറൽ | | |
| 3 | 4,67,500 രൂപ | 4,59,000 രൂപ | 19200652015400966929 തിയ്യതി 19.12.2019 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | |
| ആകെ | | 9,26,500/- രൂപ | | | | |

2019-20 വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽ കൃഷി വികസനം പ്രൊജക്ട് പ്രകാരം , ആകെ 9,26,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ രേഖകളുടെ സൂക്ഷിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി, കൃഷി ഓഫീസർ പരിശോധിച്ചതിന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

(2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-19 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ, ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

